**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 600**

**29.05.2019 ൽ മറുപടിക്ക്**

## പുതിയ വ്യവസായപാർക്കുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഹൈബി ഈഡൻ :** | | **ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് പുതിയ വ്യവസായപാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. |
| (ബി) | ഇതിനായി എത്ര ഏക്കർ സ്ഥലം ഏറ്റെടുക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ മടിക്കൈ പുതുക്കൈ വില്ലേജുകൾ ഉൾപ്പെട്ട **99.98 ഏക്കർ** സ്ഥലത്ത് പുതിയ വ്യവസായ പാർക്ക് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.<br><br>കെ.എസ്.ഐ.ഡി.സി യുടെ കീഴിൽ എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് സ്ഥാപിക്കുന്നതിനായി **100 ഏക്കർ** ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു.<br><br>കിൻഫ്രയുടെ കീഴിൽ തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ **7984 ഏക്കർ** ഭൂമിയിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത വ്യവസായപാർക്കുകൾ ഏതൊക്കെ ജില്ലകളിലാണ് സ്ഥാപിക്കുന്നതെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ